**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കുമേൽ അമേരിക്ക അധിക തീരുവ ഏർപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള വാണിജ്യ മേഖലയിൽ അമേരിക്ക ഇന്ത്യൻ ഉല്പന്നങ്ങൾക്കുമേൽ ഏർപ്പെടുത്തിയ അധിക തീരുവ കേരളത്തിന്റെ സമുദ്രോല്പന്ന കയറ്റുമതിയെ എപ്രകാരം ബാധിക്കുമെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് , യു.എസ് ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യ പങ്കാളികളിൽ ഒന്നാണ്. ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ യു.എസ് 17% പങ്ക് വഹിക്കുന്നു. സമുദ്രോല്പന്നങ്ങൾ യു.എസ് വിപണിയിൽ ഇന്ത്യയുടെ കയറ്റുമതി വളർച്ച, നിക്ഷേപ പ്രവാഹം, തൊഴിൽ സൃഷ്ടി, ജിഡിപി വളർച്ച എന്നിവയിൽ നേരിട്ടും പരോക്ഷമായും കാര്യമായ സ്വാധീനം ചെലുത്തുന്നു.<br><br>സമകാലീന സാഹചര്യത്തിൽ, യു.എസ് സർക്കാരിന്റെ താരിഫ് വർദ്ധന പല മേഖലകളിലും ഇന്ത്യയുടെ കയറ്റുമതിയിൽ വെല്ലുവിളികൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് പ്രധാനമായും കേരളത്തിന്റെ മത്സ്യബന്ധന മേഖലയേയും അതുവഴി കേരളത്തിലെ സമ്പദ്-വ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>ഇറക്കുമതി തീരുവയിൽ വർദ്ധന വരുത്താൻ അമേരിക്ക തയ്യാറെടുത്തപ്പോൾതന്നെ ഇത് കേരളത്തിന്റെ സമ്പദ് ഘടനയിൽ, പ്രത്യേകിച്ച് കയറ്റുമതി മേഖലയിൽ ഉണ്ടാക്കാൻ ഇടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് വ്യക്തമാക്കി ബഹു. പ്രധാനമന്ത്രിക്ക് ജൂലൈ 4, 2025ന് ബഹു. മുഖ്യമന്ത്രി തലത്തിൽ കത്ത് നൽകിയിരുന്നു.<br><br>ഇറക്കുമതി തീരുവ അമ്പത് ശതമാനമായി അമേരിക്ക വർദ്ധിപ്പിച്ചതിനെ തുടർന്ന് കേരളത്തിന്റെ കയറ്റുമതി മേഖലയിൽ ഉണ്ടാകുന്ന ഇടിവും അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതവും ചൂണ്ടിക്കാട്ടി അധിക ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പതിനാറാം കേന്ദ്ര ധനകാര്യ |

| | | | |
|---|---|---|---|
| | | | കമ്മീഷന് സെപ്റ്റംബർ 11, 2025 ന് കേരളം അഡീഷണൽ മെമ്മോറാണ്ടവും സമർപ്പിച്ചിട്ടുണ്ട്.<br><br>പുതിയ വിപണികളിലേയ്ക്ക് കയറ്റുമതി വൈവിധ്യമാക്കൽ ഈ വെല്ലുവിളി മറികടക്കാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിന്റെ കയറ്റുമതി–ഇറക്കുമതി പരിസ്ഥിതി, ശക്തമായ അന്താരാഷ്ട്ര ബന്ധങ്ങൾ, ഉയർന്ന നിലവാരമുള്ള മനുഷ്യ വിഭവശേഷി, തുറമുഖ വികസനങ്ങൾ, പ്രവാസി ബന്ധങ്ങൾ എന്നിവയുടെ സഹായത്തോടെ കേരളത്തിന് കൂടുതൽ സുസ്ഥിരമായി വളരാൻ കഴിയും. ഇതോടൊപ്പം ഇനിപ്പറയുന്ന നടപടികൾ കൂടി സർക്കാർ തലത്തിൽ പരിഗണിക്കുന്നു.<br><br>എ) നിലവിലുള്ള വിപണികൾ വിപുലീകരിക്കുക (Deepening existing markets) - നിലവിലുള്ള 130 രാജ്യങ്ങളിലെ ഇന്ത്യൻ സമുദ്രോത്പന്ന വിഹിതം വർദ്ധിപ്പിക്കുക.<br><br>ബി) റിവേഴ്സ് ബയർ സെല്ലർ കൂടിക്കാഴ്ചയും ബയർ സെല്ലർ കൂടിക്കാഴ്ചയും നടത്തുക (Conducting Reverse Buyer Seller Meet & Buyer Seller Meet)<br><br>സി) ചൈന, യൂറോപ്യൻ യൂണിയൻ, ഓസ്ട്രേലിയ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ വിപണികളിലേക്കുള്ള വ്യാപാര പ്രതിനിധി സംഘത്തെ വിന്യസിപ്പിക്കുക.<br><br>ഡി) യൂറോപ്യൻ യൂണിയനുമായുള്ള ദ്രുതഗതിയിലുള്ള ഉഭയകക്ഷി ചർച്ചകളും നിലവിലുള്ള വ്യാപാര കരാറുകളുടെ അവലോകനവും നടപ്പിലാക്കുക.<br><br>ഇ) റഷ്യ, സൗദി അറേബ്യ, വിയറ്റ്നാം എന്നിവിടങ്ങളിലെ സമുദ്രോത്പന്ന സംസ്കരണ യൂണിറ്റുകൾ ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.<br><br>എഫ്) മന്ത്രാലയത്തിന്റെയും എം.പി.ഇ.ഡി.എ. യുടെയും നിരന്തര നടപടികളുടെ ഫലമായി, യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിലേക്ക് ഇന്ത്യയുടെ സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി 102 അധിക മത്സ്യബന്ധന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക.<br><br>ജി) വിദേശങ്ങളിലെ പ്രധാന സമുദ്രോത്പന്ന വ്യാപാര മേളകളിൽ പങ്കാളിത്തം നടപ്പിലാക്കുക. |
| (ബി) | വിവിധ ഏഷ്യൻ-യൂറോപ്പ്യൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഏർപ്പെടുന്നതിനായി ഇന്ത്യ | (ബി) | ഉണ്ട്. നിരന്തര നടപടികളുടെ ഫലമായി, യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിലേക്ക് ഇന്ത്യയുടെ |

| | | | |
|---|---|---|---|
| | ശ്രമിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങൾക്ക് യൂറോപ്യൻ രാജ്യങ്ങളിൽ പുതിയ വിപണി കണ്ടെത്തുന്നതിനായി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി 102 മത്സ്യബന്ധന സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുകയും പുതിയവ പരിഗണനയിലുമാണ്. റിവേഴ്സ് ബയർ സെല്ലർ കൂടിക്കാഴ്ചയും ബയർ സെല്ലർ കൂടിക്കാഴ്ചയും നടത്തിവരുന്നു. യൂറോപ്യൻ യൂണിയനിലെ സാധ്യതയുള്ള വിപണികൾ കണ്ടെത്തുന്നതിന് വേണ്ടി കേന്ദ്രമന്ത്രാലയത്തിന്റെയും എം.പി.ഇ.ഡി.എ. യുടെയും വ്യാപാര പ്രതിനിധി സംഘത്തെ ചുമതല നൽകി നിയോഗിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിന്റെ സമുദ്രോല്പന്ന കയറ്റുമതി നിലവിൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിനായി രാജ്യത്തെ ആഭ്യന്തര വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. കേരളത്തിന്റെ സമുദ്രോല്പന്ന കയറ്റുമതി നിലവിൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിനും ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയെന്ന് ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് നേരിട്ടും സഹകരണ സംഘങ്ങളും/ബാങ്കുകളുമായി സഹകരിച്ചും 52 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി 14 അന്തിപച്ച ഫിഷറ്റേറിയൻ യൂണിറ്റുകളും (സഞ്ചരിക്കുന്ന മത്സ്യവിപണനശാല) ഓൺലൈൻ മത്സ്യവിപണനവും, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, ജയിലുകൾ എന്നിവിടങ്ങളിലേയ്ക്കും വിതരണം ചെയ്തു വരുന്നു.<br><br>കൂടുതൽ ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള 9 മത്സ്യസംഭരണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ഫിഷ്മാർട്ടുകളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഫിഷ്മാർട്ടുകൾ/ അന്തിപച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ട്.<br><br>മത്സ്യത്തിന്റെ വിവിധ തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ (എം.ഐ.എഫ്.പി) മത്സ്യസംസ്കരണം നടത്തി മത്സ്യ അച്ചാറുകൾ, Fish cutlet, ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും മത്സ്യഫെഡിന്റെ വിവിധ ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തി വരുകയും ചെയ്യുന്നു. ചെങ്ങന്നൂർ മുളക്കുഴയിൽ ഒരു ഉൽപ്പാദന യൂണിറ്റ്, CIFT, CTCRI - യുടെയും സാങ്കേതിക സഹായത്തോടെ ആരംഭിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടുതൽ മത്സ്യസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ